ഈ വർധന സാധൂകരിക്കാമായിരുന്നു. ഒരു പുതിയ സാങ്കേതികവിദ്യയുടെ പ്രാരംഭകാലത്തു് അപ്രതീക്ഷിതങ്ങളായ പ്രയാസങ്ങൾ ഉണ്ടാവുന്നതു മനസ്സിലാക്കാം. പക്ഷേ, കുഴപ്പങ്ങൾ ഉണ്ടാവുമ്പോൾ അണു—ശക്തി വകപ്പിലെ അധികൃതർ അവ മറച്ചുവയ്ക്കാതിരിക്കുകയെങ്കിലും വേണം. 'സംഗതി ഭംഗിയായി നടക്കുന്നു' എന്നു് അവർ എപ്പോഴും നടിക്കുന്നതുകൊണ്ടു് ഒരു കാര്യവുമില്ല.'

അണുവൈദ്യുതിയുടെ അടിസ്ഥാനപ്രശ്നങ്ങളെപ്പററി വ്യാപകവും ഉദ്ബുദ്ധവുമായ ചർച്ച ദേശീയതലത്തിൽ നടത്താതെ, അണുവൈദ്യുതീനിർമാണവികസനത്തിനു് ഉദ്യോഗസ്ഥതലത്തിൽ (മന്ത്രിതലത്തിലും) ധൃതിപിടിക്കുന്നതു് ആത്മഹത്യാപരമായിരിക്കും.

ഒരു അണുവൈദ്യുതീനിലയത്തിൻെറ ഭീഷണി തലയ്ക്കു മീതെ തൂങ്ങിക്കിടക്കേ, കേരളീയർ ഇക്കാര്യങ്ങളെപ്പററി വ്യാപകമായി പഠിക്കുകയും അഗാധമായി ചിന്തിക്കുകയും വേണം; വിശ്വസിക്കാൻ കൊള്ളാവുന്നവരെന്നു നമ്മുടെ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും തെളിയിച്ചിട്ടില്ലാത്ത നിലയ്ക്കു പ്രത്യേകിച്ചും.

(11 സെപ്റ്റംബർ, 1986)

# 30. കേരളത്തിൽ അണുവൈദ്യുതീനിലയം

മധ്യപ്രദേശ് ഇലക്ട്രിസിററി ബോർഡിൽ ചീഫ് എൻജിനീയർ ആയിരുന്ന ശ്രീ എം. കെ. ആർ. മേനോൻ കൊച്ചി വാണിജ്യ—വ്യവസായമണ്ഡലത്തിനുവേണ്ടി തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ, കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കണമെന്നു് ശക്തിയായി ആവശ്യപ്പെട്ടിട്ടുള്ളതായി ജൂലൈ 16—ലെ 'മാതൃഭൂമി'യിൽ കണ്ടു. വനവിധ്വംസനത്തിൻഫലമായി ജലസംഭരണപ്രദേശങ്ങളിലെ മണ്ണിനു് മഴവെള്ളം ഉൾക്കൊള്ളാനുള്ള കഴിവു് തുലോം നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുള്ളതുകൊണ്ടു്, നമ്മുടെ ജലവൈദ്യുതീനിലയങ്ങൾ ഇനിയങ്ങോട്ടു് പൂർണമായ ഉല്പാദനക്ഷമതയോടെ പ്രവർത്തിക്കുമെന്നു കരുതുക വയ്യ. അടുത്ത പ്രദേശങ്ങളിലെങ്ങും കല്ക്കരി കുഴിച്ചെടുക്കാത്തതു നിമിത്തം, കേരളത്തിൽ തെർമൽ പവർസ്റ്റേഷനുകൾ ആദായകരമായിരിക്കയില്ല. അവ ഉണ്ടാക്കുന്ന വായുമലിനീകരണമെന്ന പ്രശ്നം വേറെയുമുണ്ടു്. അണുവൈദ്യുതീനിലയങ്ങൾക്കുള്ള ചെലവു് കേന്ദ്രം വഹിക്കുമെന്നതിനാൽ, കേരളം ചെയ്യേണ്ടതു് ഒരു അണുവൈദ്യുതീനിലയം ഇവിടെ സ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുകയാണു്. ശ്രീ എം. കെ. ആർ. മേനോൻെറ റിപ്പോർട്ടിലെ വാദഗതികൾ ഏതാണ്ടു് മേൽക്കാണിച്ച തരത്തിലാണെന്നു് പത്രത്തിലെ റിപ്പോർട്ടിൽനിന്നു മനസ്സിലാവുന്നു.

വൈദ്യുതീക്ഷാമംനിമിത്തം പല യാതനകൾ അനുഭവിക്കുന്ന കേരളത്തിലെ സാധാരണജനങ്ങൾ, കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ഏതു പരിശ്രമത്തിനും കണ്ണടച്ചു പിന്തുണ നൽകാനാണു് സാധ്യത. സർക്കാരിൻെറ പണം വലിയ തോതിൽ പങ്കിട്ടെടുക്കുന്നതിനുള്ള മഹായജ്ഞമാണു് ഏതു വൻകിട നിർമ്മാണവുമെന്നതിനാൽ, ഒരു അണുവൈദ്യുതീനിലയം കേരളത്തിൽ സ്ഥാപിക്കുന്നതിൽ ഇവിടത്തെ വ്യവസായികൾക്കും കോൺട്രാക്ടർമാർക്കും എൻജിനീയർമാർക്കും രാഷ്ട്രീയപ്പാർട്ടികൾക്കും അങ്ങേയററത്തെ താല്പര്യം കാണും. നമ്മുടെ ഇലക്ട്രിസിററി ബോർഡും അതിൻെറ ചുമതല വഹിക്കുന്ന മന്ത്രിയും, കേരളസർക്കാരും

കേരളനിയമസഭയും അണുവൈദ്യുതീനിലയസ്ഥാപനത്തിനുവേണ്ടി ഒററക്കെട്ടായി നിലകൊള്ളുമെന്നാണ്, ഇന്നോളമുള്ള അനുഭവത്തിൽനിന്നു കരുതേണ്ടതു്.

അണുവൈദ്യുതീനിലയങ്ങളിൽ സംഭവിക്കാനിടയുള്ള അപകടങ്ങളെപ്പററി നമുക്ക് കേട്ടുകേൾവികളേ ഉള്ളൂ. അമേരിക്കയിലെ 'ത്രീ മൈൽ ഐലൻഡ്' എന്ന സ്ഥലത്തുള്ള അണുവൈദ്യുതീനിലയത്തിൽ 1979–ൽ സംഭവിച്ച 'ചോർച്ച'യുടെയും അതു നിമിത്തം സംഭവിച്ച നാശനഷ്ടങ്ങളുടെയും വിശദവിവരങ്ങൾ എത്രപേർ ശ്രദ്ധിച്ചിരിക്കും? അടുത്തകാലത്തു് സോവിയററ് യൂണിയനിലെ ചെർണോബില്ലിലെ അണുവൈദ്യുതീനിലയത്തിലുണ്ടായ പൊട്ടിത്തെറിയുടെ മുഴക്കം ലോകത്തിലാകെ മാറെറാലിക്കൊണ്ടെങ്കിലും, പൊതുജനങ്ങളുടെ ഹ്രസ്വമായ ഓർമ്മയിൽ അതിപ്പോൾ തങ്ങിനില്ക്കുന്നുണ്ടോ എന്നു സംശയമാണ്. ഇന്ത്യയിൽ കല്പാക്കത്തെ അണുവൈദ്യുതീനിലയത്തിൽ ഇക്കഴിഞ്ഞ ജൂൺ അവസാന വാരത്തിൽ ഉണ്ടായ രണ്ടു് അപകടങ്ങളെപ്പററി സംക്ഷിപ്തമായ ഒരു റിപ്പോർട്ട് 'ഹിന്ദു' പത്രത്തിൽ കണ്ടിരുന്നു. എന്നാൽ, ഒരു മലയാളപത്രവും ആ കാര്യം ശ്രദ്ധിക്കുകയുണ്ടായില്ല.

'വോയ്സ് ഓഫ് ജർമ്മനി' എന്ന വാർത്താസ്ഥാപനത്തെ ഉദ്ധരിച്ചുകൊണ്ടു് ജൂലൈ 6–ലെ 'പാകിസ്ഥാൻ ടൈംസ് ഓവർസീസ് വീക്കിലി' പറയുന്നതു്, ഇന്ത്യയിലെ അണുവൈദ്യുതീനിലയങ്ങളിൽ ഇതിനകം മുന്നൂറിലേറെ അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ്. 1962–ൽ ഇന്ത്യാഗവൺമെൻറ് ഉണ്ടാക്കിയ ഒരു നിയമമനുസരിച്ചു്, അണുശക്തിയെസ്സംബന്ധിച്ച എല്ലാ വിവരങ്ങളും പരമരഹസ്യമാണെന്നതു നിമിത്തമാണ് ഈ അപകടങ്ങളെപ്പററി പൊതുജനങ്ങൾ അറിയാത്തതെന്ന് പത്രം തുടർന്നു പറയുന്നു. ബോംബെയിൽ താരാപൂരിലുള്ള അണുവൈദ്യുതീനിലയത്തിൽനിന്നു്, ലോകത്തിലെ മറേറതൊരു അണുവൈദ്യുതീനിലയത്തിൽനിന്നുമുള്ളതിലധികം അണുപ്രസരണം ഉണ്ടാവുന്നതായി 'വോയ്സ് ഓഫ് ജർമ്മനി' പറഞ്ഞുവത്രേ. സത്യാവസ്ഥ എന്തെന്നു് നമുക്ക് (പൊതുജനങ്ങൾക്കു്) അറിഞ്ഞുകൂടാ; അറിയാൻ സാദ്ധ്യവുമല്ല.

അണുവൈദ്യുതീനിലയങ്ങളിലെ അപകടങ്ങൾ സാധാരണ ഫാക്ടറികളിലെ അപകടങ്ങളെപ്പോലെയല്ല. സാധാരണ ഫാക്ടറികളിലെ അപകടങ്ങൾ തല്ക്കാലം അടുത്തുള്ളവരെ മാത്രമേ ബാധിക്കുകയുള്ളൂ. അണുവൈദ്യുതീനിലയങ്ങളിൽനിന്നു്, സാധാരണ കാലങ്ങളിൽത്തന്നെ, അദൃശ്യങ്ങളായ മാരകരശ്മികൾ, ഏറിയോ, കുറഞ്ഞോ പ്രസരിച്ചുകൊണ്ടിരിക്കും. പ്രസരം നിശ്ചിതമായ ഒരളവിൽ കൂടുതലായാൽ, ഈ രശ്മികൾ ചുററുമുള്ള എല്ലാ ആളുകളുടെയും ആരോഗ്യത്തെ നിശ്ശബ്ദമായി കാർന്നുതിന്നാൻ തുടങ്ങുന്നു. ചെർണോബില്ലിൽ സംഭവിച്ചതുപോലെയുള്ള ഒരു പൊട്ടിത്തെറിയോ, മററ് അപകടങ്ങളോ ഉണ്ടാകുമ്പോഴാകട്ടെ, വിപത്തു് വളരെ വലിയ ഒരു ചുററളവിലുള്ളവരെ മുഴവൻ പിടികൂടുന്നു. തകർന്ന വൈദ്യുതീനിലയത്തിനു ചുററും എത്രയോ ചതുരശ്രമൈൽ പ്രദേശത്തെ മണ്ണ് മനുഷ്യവാസത്തിനും വെള്ളം ജന്തു–സസ്യവർഗങ്ങളുടെ ഉപയോഗത്തിനും പററാത്തതായിത്തീരുന്നു. ഈ കാര്യത്തിൽ ലോകത്തിനാകെ വലിയ ഒരു പരീക്ഷണശാലയായിരിക്കുകയാണ് ചെർണോബിൽ. അവിടെ എന്തു നടക്കുന്നു എന്ന്, ഇനി വളരെയേറെ വർഷങ്ങളോളം മനുഷ്യവർഗം മുഴുവൻ ഉററുനോക്കി പഠിക്കേണ്ടതുണ്ടു്.

അണുവൈദ്യുതീനിലയങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളെപ്പററിയാണല്ലോ പറഞ്ഞുവന്നതു്. ഇനി ഒരപകടവും ഉണ്ടാവാതെ അണുവൈദ്യുതീനിലയം ശരിക്കു പ്രവർത്തിക്കുന്നു എന്നുതന്നെ കരു

ത്തുക. ഓരോ ആററമിക് റിയാക്ടറിന്റെയും കേന്ദ്രത്തിൽ ജ്വലിക്കുന്ന യുറേനിയം ഇന്ധനം ഏതാനും വർഷങ്ങൾക്കുശേഷം നിരുപയോഗമായിത്തീരുന്നു. പക്ഷേ, പിന്നീട് പതിനായിരം വർഷങ്ങളോളം ഈ ഇന്ധനാവശിഷ്ടം ജീവജാലങ്ങൾക്ക് ആപല്ക്കരമാണ്. മാരകങ്ങളായ അദൃശ്യരശ്മികൾ അതിൽനിന്നു പ്രസരിച്ചുകൊണ്ടിരിക്കും. ആപത്ത് ഒഴിവാക്കി ഇതെങ്ങനെ കഴിച്ചുകൂടാമെന്നത്, 1957—ൽ ആദ്യത്തെ അണുവൈദ്യുതീനിലയം അമേരിക്കയിൽ പ്രവർത്തിച്ചുതുടങ്ങിയ നിമിഷം മുതൽ മനുഷ്യവർഗത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. ഈ പ്രശ്നത്തിനു് ഉത്തരം ഇന്നോളം കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

അമേരിക്കൻ പാർലമെൻറ് ഈ പ്രശ്നം പരിഗണിക്കുകയും, അണുവൈദ്യുതീനിലയങ്ങളിലെ അഴുക്കുകൾ കഴിച്ചുകൂട്ടുന്നതു സംബന്ധിച്ച നിയമങ്ങൾ ആവിഷ്കരിക്കുകയുംചെയ്തതു് 1982—ാമാണ്ടിലാണ്. എന്നാൽ, 1991—ൽ മാത്രമേ അമേരിക്കയിലെ അണുവൈദ്യുതീനിലയങ്ങളിലെ ഉപയോഗരഹിതമായ ഇന്ധനാവശിഷ്ടവും മററും എവിടെ കഴിച്ചിടുമെന്നതു സംബന്ധിച്ച തീരുമാനമുണ്ടാവുകയുള്ളു. നേവാഡ മരുഭൂമിയിലെ യൂക്കമലകളിൽ ഒരു 'ആണവശ്മശാനം' ഉണ്ടാക്കാൻ അമേരിക്കൻ അണുശക്തിവകുപ്പ് ആലോചിച്ചുതുടങ്ങിയതുമുതൽ, അതിനെതിരായ പ്രക്ഷോഭണം ആ പ്രദേശത്തുള്ളവർ ആരംഭിച്ചിട്ടുണ്ട്. രശ്മിപ്രസരണമുള്ള അണുമാലിന്യം ഭൂഗർഭജലത്തിലെത്തരുത് എന്നതാണ് മുഖ്യമായി ശ്രദ്ധിക്കേണ്ട സംഗതി. പക്ഷേ, എത്രയെല്ലാം മുൻകരുതലുകൾ എടുത്താലും, ഈ മാലിന്യം ഭൂഗർഭജലത്തിൽ, കാലക്രമേണ എത്തുകതന്നെചെയ്യും!

ഇന്ത്യയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അണുവൈദ്യുതീനിലയങ്ങളിലെ മാലിന്യം അതാതു സ്ഥലത്തുതന്നെ നിലവറകളിൽ സൂക്ഷിക്കുകയാണെന്നാണറിവ്. ഈ മാലിന്യം അവസാനമായി ഏതു കല്ലറയിൽ കൊണ്ടുപോയി അടക്കുമെന്ന പ്രശ്നം അമേരിക്കയിലെന്നപോലെ ഇന്ത്യയിലും, ഏതാനും വർഷങ്ങൾക്കകം വ്യക്തമായ രൂപം കൈക്കൊള്ളാതിരിക്കുകയില്ല.

അണുവൈദ്യുതീനിലയങ്ങളുടെ നിർമ്മാണച്ചെലവ് പിന്നെപ്പിന്നെ കുത്തനെ വർദ്ധിച്ചുവരികയാണ്. പല രാജ്യങ്ങളിലും അണുവൈദ്യുതീനിലയങ്ങളുടെ നിർമാണം മന്ദഗതിയിലായിട്ടുള്ളതു് ചെലവിൽവന്ന വർദ്ധനനിമിത്തമാകുന്നു.

ജലവൈദ്യുതീനിലയങ്ങൾ ശാശ്വതങ്ങളാണ്. വെള്ളം കിട്ടുന്ന കാലത്തോളം അവയ്ക്കു പ്രവർത്തിക്കാം. യന്ത്രങ്ങൾക്ക് ഉണ്ടാവുന്ന കേടുപാടുകൾ അപ്പോഴപ്പോൾ തീർത്തുകൊണ്ടിരുന്നാൽ മതി.

അണുവൈദ്യുതീനിലയങ്ങൾ അല്പായുസ്സുകളാണ്. മുപ്പതു വർഷമാണ് അവയുടെ ശരാശരി ആയുസ്സ്. മുപ്പതു വർഷം പ്രവർത്തിച്ചു കഴിയുമ്പോഴേക്ക്, അവയുടെ പല യന്ത്രഭാഗങ്ങളും മാരകങ്ങളായ അണുക്കൾ പ്രസരിപ്പിക്കാൻ തുടങ്ങുന്നു. അങ്ങനെ അവ പ്രവർത്തിപ്പിക്കുക അസാധ്യമായിത്തീരുന്നു.

പ്രവർത്തിക്കാതായ ഒരു സാധാരണ ഫാക്ടറിയോ, ജലവൈദ്യുതീനിലയമോ പൊളിച്ചുകളയുകയെന്നതു വലിയ ഒരു കാര്യമല്ല. എന്നാൽ, പ്രവർത്തനം നിലച്ച ഒരു അണുവൈദ്യുതീനിലയത്തിന്റെ സ്ഥിതി വ്യത്യസ്തമാണ്. അതു പൊളിച്ച്, എവിടെയെങ്കിലും കൂട്ടിവയ്ക്കാൻ വയ്യ. കാരണം, പതിനായിരം വർഷങ്ങളോളം അതിന്റെ പല ഘടകങ്ങളിൽനിന്നും മാരകമായ അണുപ്രസരം ഉണ്ടായിക്കൊണ്ടിരിക്കും.

പ്രവർത്തനം നിലച്ച അണുവൈദ്യുതീനിലയം പൊളിച്ചുനീക്കുന്ന പ്രക്രിയയ്ക്കു് '' ഡീ കമ്മീഷണിങ് '' എന്നു പറയുന്നു. മൂന്നു വിധത്തിൽ ഡീ

കമ്മീഷണിങ്ങ് നിർവ്വഹിക്കാം. ഒന്നുകിൽ അണുപ്രസരണമുള്ള ഭാഗങ്ങൾ പൊളിച്ചുമാററി നിലവറകളിൽ സൂക്ഷിക്കുകയും, പരിസരങ്ങളെ ചില പ്രക്രിയകളിലൂടെ, അണുപ്രസരണവിമുക്തമാക്കുകയുംചെയ്യാം. അല്ലെങ്കിൽ, അടച്ചുപൂട്ടിയ അണുവൈദ്യുതീനിലയം അങ്ങനെതന്നെ ഉപേക്ഷിക്കാം. അപ്പോൾ പതിനായിരം വർഷക്കാലം അതിന്റെ അടുത്തെങ്ങും ജീവികൾ ചെല്ലാതെ സൂക്ഷിക്കണം. ഇതുമല്ലെങ്കിൽ, പ്രവർത്തനം നിലച്ച അണുവൈദ്യുതീനിലയത്തിനു മുകളിൽ സിമൻറും മണ്ണും മററുമുപയോഗിച്ച് ഒരു 'ശവകുടീരം' നിർമിക്കാം. ഇതിൽ രണ്ടും മൂന്നും വികല്പങ്ങൾക്ക് അവയുടേതായ ദോഷങ്ങളുണ്ട്. ഒന്നാമത്തെ വികല്പം മാത്രമാണു പ്രായോഗികം; അതിനാകട്ടെ,വമ്പിച്ച ചെലവുവരികയുംചെയ്യും.

ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കുന്നതിനു വരുന്ന ചെലവിനേക്കാൾ അധികമായിരിക്കും അതിന്റെ 'ഡീ കമ്മീഷണിങ്ങി'നുവേണ്ടിവരുന്ന ചെലവ് എന്നു കണക്കാക്കപ്പെടുന്നു. ഇതിനർത്ഥം, ഇന്ന് ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കാൻ വേണ്ടിവരുന്ന ചെലവോളമെങ്കിലും, മുപ്പതു വർഷം കഴിഞ്ഞ് അതു പൊളിച്ചുനീക്കാൻ ചെയ്യേണ്ടിവരുമെന്നാണ്. മുപ്പതു വർഷത്തിനപ്പുറം ജീവിക്കുന്ന തലമുറ ഈ ചെലവു ചെയ്യേണ്ടിവരും; അവരുടെ ഇലക്ട്രിസിററി ബില്ലിൽ ഈ ചെലവിനുള്ള തുകകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ വർദ്ധന വരുത്തേണ്ടിവരും. അതായത്, അണുവൈദ്യുതിയുടെ വില താങ്ങാനാവാത്തത്ര വലുതായിരിക്കും.

അണുയുഗം ആരംഭിച്ചിട്ട് നാലു പതിററാണ്ടിലധികമായി. ഇപ്പോൾ ലോകത്തിന്റെ പല ഭാഗങ്ങളിലായി നാനൂറോളം ചെറുതും വലുതുമായ അണുവൈദ്യുതീനിലയങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. എങ്കിലും, അണുമാലിന്യങ്ങൾ എങ്ങനെ കഴിച്ചുമൂടാമെന്ന ചോദ്യത്തിനു തൃപ്തികരമായ ഉത്തരം ഇനിയും ലഭിച്ചിട്ടില്ല.

ആയിരം മെഗാവാട്ട് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന ഒരു അണു–റിയാക്ടർ നിർമിക്കാൻ, ഇപ്പോൾ മുന്നൂറുകോടി ഡോളറോളം ചെലവു വരുമത്രേ. മുപ്പതു വർഷം കഴിഞ്ഞ്, നിരുപയോഗമായിത്തീരുമ്പോൾ ഇതു പൊളിച്ചു കഴിച്ചുമൂടുന്നതിന് അഞ്ചുകോടി മുതൽ മുന്നൂറുകോടിവരെ ഡോളർ ചെലവുവരുമെന്ന് 1985–ൽ അമേരിക്കയിൽ പ്രസിദ്ധീകരിച്ച ഒരു രേഖയിൽ കാണുന്നു. ഓരോ അണുവൈദ്യുതീനിലയവും പണിയുമ്പോൾ, മുപ്പതു വർഷത്തിനുശേഷം നിശ്ചയമായും ചെയ്യേണ്ടിവരുന്ന ഈ ചെലവുകൂടി കണക്കിലെടുക്കണം.

വരുന്ന മുപ്പതു വർഷങ്ങളിൽ ലോകത്തിലെ പല രാജ്യങ്ങളിലുമായി മുന്നൂററമ്പത് അണുവൈദ്യുതീനിലയങ്ങൾ 'ഡീ കമ്മീഷൻ' ചെയ്യേണ്ടിവരും. അണുശക്തിവ്യവസായത്തിനു താരതമ്യേന അപരിചിതമായ ഒരു മേഖലയാണിത്. കാരണം, ഇതുവരെയും വലിയ റിയാക്ടറുകൾ ഒരിടത്തും 'ഡീ കമ്മീഷൻ' ചെയ്യപ്പെട്ടിട്ടില്ല; ലോകത്തിലാകെ ഒരു ഡസനോളം റിയാക്ടറുകളേ ഇതുവരെ സ്ഥിരമായി അടച്ചിട്ടിട്ടുള്ളു.

1979–ൽ അമേരിക്കയിലെ 'ത്രീ മൈൽ ഐലൻഡി'ലെ അണുവൈദ്യുതീനിലയത്തിലുണ്ടായ 'ചോർച്ച' പരിഹരിക്കാൻ ഇതിനകം നൂറുകോടി ഡോളറോളം ചെലവായിട്ടുണ്ട്. ചെർണോബിൽ അപകടത്തിന്റെ 'ബില്ല്' ഇനി സമർപ്പിക്കപ്പെടാനിരിക്കുന്നതേയുള്ളു.

ഒരു അണു റിയാക്ടർ പൊളിച്ചുനീക്കുമ്പോൾ, കഴിച്ചുമൂടേണ്ട മാലിന്യങ്ങൾ എത്രയുണ്ടാവും? 'ആയിരത്തിനാനൂറ് ട്രക്കുകളിൽ കയററിക്കൊണ്ടു പോകേണ്ടത്ര' എന്നാണു പ്രസ്താവിച്ചു കാണുന്നത്. 'പതിനെണ്ണായിരം ഘനയടി' എന്നാണു മറെറാരു കണക്ക്.

സ്വന്തം അണുമാലിന്യങ്ങൾ എവിടെ നിക്ഷേപിക്കണമെന്ന കാര്യ

ത്തിൽ ലോകത്തിലൊരു രാജ്യവും ഇന്നോളം ഒരു തീരുമാനമെടുത്തിട്ടില്ല; ഇന്ത്യയുമില്ല.

അണുവൈദ്യുതീനിലയങ്ങളെപ്പററി സംസാരിക്കുന്നവർ ഇക്കാര്യങ്ങളെല്ലാം കണക്കിലെടുക്കണം. അവർ ഇതിനെപ്പററിയൊന്നും ആലോചിക്കുന്നില്ലെങ്കിൽ, അവരുടെ സംസാരം കേൾക്കാൻ വിധിക്കപ്പെട്ട ബഹുജനങ്ങൾ ഇത്തരം കാര്യങ്ങളെപ്പററി പഠിച്ചുതുടങ്ങണം. ഈ വിഷയത്തിൽ താല്പര്യമുള്ളവർക്കുവേണ്ടി, അമേരിക്കയിലെ വേൾഡ് വാച്ച് ഇൻസ്റ്റിററ്യൂട്ട് (1776 മസ്സാച്ച്സെററ്സ് അവന്യൂ, വാഷിങ്ടൺ ഡി. സി. 20036) എന്ന ഗവേഷണസ്ഥാപനം 1986 ഏപ്രിലിൽ പ്രസിദ്ധീകരിച്ച 'ഡീ കമ്മീഷണിങ്' (വേൾഡ് വാച്ച് പേപ്പർ 69) എന്ന ലഘുലേഖ ഞാൻ ശുപാർശചെയ്യുന്നു.

(16 ജൂലൈ 1986)